ജിഡ ഫണ്ട് ഉപയോഗപ്പെടുത്തി വൈപ്പിൻ-പള്ളിപ്പുറം തീരദേശ റോഡ് നിർമ്മാണം

316 (T* 3298) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗപ്പെടുത്തി വൈപ്പിൻ-പള്ളിപ്പുറം തീരദേശ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ എസ്റ്റിമേറ്റ് തുകയും അനുമതി നൽകിയ വർഷവും വ്യക്തമാക്കാമോ ;

(സി) ഈ പ്രവൃത്തി എത്ര റീച്ചുകളായാണ് ടെണ്ടർ നൽകിയിരിക്കുന്നതെന്നും ഓരോ റീച്ചും ടെണ്ടർ ചെയ്ത തീയതിയും വ്യക്തമാക്കാമോ ;

(ഡി) ഓരോ റീച്ചിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(ഇ) നിർമ്മാണത്തിൽ തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ ഏതൊക്കെ റീച്ചുകളിൽ ഏതൊക്കെ പ്രശ്നങ്ങൾ എന്ന് വ്യക്തമാക്കാമോ ;

(എഫ്) 1, 3 റീച്ചുകളുടെ നിർമ്മാണം എന്തുകൊണ്ട് തടസ്സപ്പെട്ടിരിക്കുന്നുവെന്നും ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 19-1-2012-ൽ കൂടിയ ജിഡ ജനറൽ കൗൺസിൽ പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയിരുന്നു.

(ബി) 15-11-2012-ലെ ജി.ഒ.(ആർടി.) 3145/2012/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവു പ്രകാരം 4.91 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പദ്ധതി 3 റീച്ചുകളായി നടപ്പിലാക്കുവാനാണ് വിഭാവന ചെയ്തിരിക്കുന്നത്. രണ്ടാമത്തെ റീച്ച് മാത്രമാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. ടെണ്ടർ ചെയ്ത തീയതി 16-7-2012.

(ഡി) രണ്ടാമത്തെ റീച്ചിന്റെ 30% ജോലികൾ പൂർത്തീകരിച്ചു. സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത ജോലികൾ താൽക്കാലികമായി നിർത്തി വയ്ക്കേണ്ടി വന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഇ) രണ്ടാമത്തെ റീച്ച് നിർമ്മിക്കുന്നതിന് താഴെപ്പറയുന്ന തടസ്സങ്ങൾ നേരിടുന്നുണ്ട്.

1. സ്ഥലം ലഭ്യമാകാത്ത സാഹചര്യം.

2. സമീപവാസികളുടെ എതിർപ്പ്.

(എഫ്) 1, 3 റീച്ചുകളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് ഇതുവരെ ലഭ്യമായിട്ടില്ല.

സി.സി.എം.വൈ. സബ് സെന്ററുകൾ

317 (3299) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.സി.എം.വൈ-യ്ക്കായി എത്ര സബ് സെന്റർ ആരംഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സെന്ററുകളുടെ മേൽവിലാസം നൽകുമോ ;

(സി) പ്രസ്തുത സെന്ററുകൾ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും നോട്ടിഫിക്കേഷൻ/ പത്രപരസ്യം നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത സെന്ററുകളിൽ എത്ര പ്രിൻസിപ്പൽമാരെ നിയമിച്ചിട്ടുണ്ട് ; ഇവരുടെ നിയമനത്തിനായി നോട്ടിഫിക്കേഷൻ/പത്രപരസ്യം നൽകിയിരുന്നോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി)വിവിധ ജില്ലകളിലായി അനുവദിച്ച 21 ഉപകേന്ദ്രങ്ങളിൽ 20 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് മേൽവിലാസം ഉൾപ്പെടെ ചുവടെ ചേർക്കുന്നു ;

തിരുവനന്തപുരം :

- മുസ്ലീം ജമാഅത്ത് സംയുക്ത സമിതി, പൂവച്ചൽ മേഖല, പൂവച്ചൽ പി.ഒ., തിരുവനന്തപുരം, പിൻ-695 575.
- കന്യാകുളങ്ങര ജമാഅത്ത് എഡ്യൂക്കേഷണൽ ട്രസ്റ്റ്, കന്യാകുളങ്ങര, വെമ്പായം പി.ഒ., തിരുവനന്തപുരം-695615.
- കടുവയിൽതങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ്, കടുവയിൽ, തോട്ടയ്ക്കാട് പി.ഒ., തിരുവനന്തപുരം-695605.

LIBRARY ARCHIVES Kerala Legislative Assembly